No : WBCA/KROA/1063/2017

To

ഡപ്യൂട്ടി ഡയറക്ടർ
ക്ഷീരവികസന വകുപ്പ്
കണ്ണൂർ

സർ,

വിഷയം : കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡ്- അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് ക്യാഷ് അവാർഡുകൾ നൽകുന്നത് സംബന്ധിച്ച് :-

സൂചന : ഈ ഓഫീസിലെ 20-05-2017 തീയതിയിലെ 01/2017 നമ്പർ സർക്കുലർ

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാരുടെ മക്കളിൽ 2016-17 അദ്ധ്യയനവർഷത്തിൽ വിവിധ കോഴ്സുകളിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയവർക്ക് ക്യാഷ് അവാർഡുകൾ നൽകുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു. ആയത് സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് മേൽനടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത വിവരം എല്ലാ അംഗസംഘങ്ങളെയും അടിയന്തിരമായി അറിയിക്കുന്നതിനും, ക്യാഷ് അവാർഡിനുള്ള അപേക്ഷകൾ മേലൊപ്പുവച്ച് (Countersign) നിശ്ചിത അവസാന തീയതിയ്ക്കു മുൻപായി ബോർഡിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ.

മേലെഴുത്ത് നം: സി-1777/2017

ക്ഷീര വികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കണ്ണൂർ, തീയതി, 08.06.2017

സർക്കുലറിന്റെ പകർപ്പും അപേക്ഷയും ഇതോടൊപ്പം എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും അയക്കുന്നു.